
# ദൈവനിശ്വസ്ത്



# ALMOST FREE !

## Excellent Christian Literature

You can receive 20 books (English) worth two hundred rupees for rupees twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge, Your M. O. should be addressed to.

Editor
**THE BIBLE TEACHER**
C-22 N. D. S. E. 2
New Delhi-110049


## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോൾ, നിങ്ങൾ സ്ഥലം മാറുമ്പോൾ, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിന്റെ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോൾ അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികൾ മാസങ്ങൾക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോൾ അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിറ്റർ

# THE BIBLE TRUTH

Editors

**P. K. VARGHESE** **J. C. CHOATE**

ooo ooo ooo

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 8** **September 1994** **No. 6**

ഞാൻ ആന്ധ്രയിലെ ഒരു മീറ്റിങ്ങിൽ പ്രസംഗിക്കുവാൻ പോയപ്പോൾ പരിചയപ്പെട്ട കുറെ ആളുകൾ എന്റെ ജോലിയും മറ്റും ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു ബൈബിൾ പ്രബോധനമാണ് എന്ന്. ഉടനെ അവർ പറഞ്ഞു ഞങ്ങളും ഇപ്പോൾ പ്രാർത്ഥനയും ധ്യാനവും മറ്റും തുടങ്ങിയിരിക്കയാണ് എന്ന് പള്ളിയിൽ പോകാതിരുന്ന അവരിൽ പലരും മദ്യപാനികളും ചീട്ടുകളിക്കാരുമായിരുന്നു. അതെല്ലാം ഉപേക്ഷിച്ച് ഇപ്പോൾ കരിസ്മാറ്റിക് മീറ്റിങ്ങിനും മറ്റും നടപ്പാണ് എന്നും കൂട്ടിച്ചേർത്തു. എല്ലാവർക്കുമിടയിൽ ഒരു മാറ്റം ഉണ്ടായിവരുന്നതായി അവർ അവകാശപ്പെട്ടു. ഇതിന്റെ എല്ലാം ഉദ്ദേശം എന്താണ് എന്ന എന്റെ ചോദ്യത്തിനു ശരിയായ മറുപടി അവർക്കു നൽകുവാൻ കഴിഞ്ഞില്ല. ദൈവത്തിന്റെ ഇഷ്ടം അനുസരിച്ച് വചനപ്രകാരമുള്ള ഒരു രൂപാന്തരമാണ് ഉണ്ടാകേണ്ടതു. വെറും ധാർമ്മികമായ മാറ്റം താൽക്കാലികമാണ്. ഫലവും താൽക്കാലികമായിരിക്കും. നിത്യമായ ജീവങ്കലേക്കു നയിക്കുന്ന മാറ്റം തിരുവെഴുത്തുതാണ്. കേട്ടു വിശ്വസിച്ച് അനുസരിക്കുന്നതുകൊണ്ട് ഉണ്ടാകുന്ന ഏതൊരു മനുഷ്യനും ഒഴിച്ചു കൂടാനാവാത്ത ഒന്നാണ് ബൈബിൾ പ്രകാരമുള്ള രൂപാന്തരം. അതിനുപകരമായി മറ്റൊന്ന് ഇല്ല. നിങ്ങൾ ഉണർന്നു ചിന്തിക്കു! വചനം സ്വീകരിക്കുക.



# ആരാണ് നഷ്ടപ്പെടുന്നത് ?

## J. C. ചോട്ട്

നാം ജീവിക്കുന്നതു ഏതു തരം ലോകത്തിലാണ് ? നല്ലതോ മോശമായതോ ? നിങ്ങൾക്ക് അറിവുള്ള ആളുകളോ ? നിങ്ങളുടെ സ്നേഹിതൻമാർ ? നിങ്ങളുടെ കൂടെ ജോലി ചെയ്യുന്നവരോ നിങ്ങൾക്കു ചുററും താമസിക്കുന്നവർ ? നിങ്ങൾ എങ്ങനെ അവരെ തരം തിരിക്കും ? ഒരു പക്ഷെ നിങ്ങൾ ഇങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ചു ഒരിക്കലും ചിന്തിച്ചിരിക്കാനിടയില്ല. നിങ്ങൾ ചിന്തിച്ചിട്ടുണ്ടെങ്കിൽ നിങ്ങൾക്കു വിഷമമുണ്ടായി കാണും. എന്നാൽ നിങ്ങളോ ? നിങ്ങൾ ഏതു വിധത്തിലുള്ള ആളാണ് ? എല്ലാവരും നിങ്ങളെ പോലെ ആയാലോ? ലോകം അങ്ങനെയായാൽ നന്നാവുമോ അതോ മുൻപിലുണ്ടായിരുന്നതിനേക്കാൾ വഷളായി തീരുമോ ?

ഭൂഗോളത്തിനു ചുററും എല്ലാ തരത്തിലുമുള്ള ആളുകളുണ്ട്. മതപരവും അല്ലാത്തതുമായ ആളുകളാണ് അവർ. ധാർമ്മികമായി നോക്കിയാൽ നല്ല ആളുകളുണ്ട്; വളരെ ദുഷ്ടന്മാരായവരുമുണ്ട്. "സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു" എന്നാണ് ബൈബിൾ പറയുന്നതു (1 യോഹന്നാൻ 5:14). സകല മനുഷ്യരും പാപം ചെയ്തു ദൈവതേജസ് ഇല്ലാത്തവരായിത്തീർന്നു എന്നു അപ്പൊസ്തലനായ പൌലോസ് പറയുന്നു (റോമർ 3:23). അതിന്റെ അർത്ഥം തിരിച്ചറിവിൽ എത്തിയ എല്ലാവരും ലോകത്തിൽ പാപികളായിത്തീർന്നു, അതുകൊണ്ട് വരുവാനുള്ള ലോകത്തിലെ പ്രത്യാശ ഇല്ലാത്തവരായി മാറി. ലോകത്തിൽ ജീവിക്കുന്ന ആളുകളിൽ ഭൂരിഭാഗവും ഈ വിഭാഗത്തിൽ പെടുന്നു എന്നതു എത്ര വേദകരമായ ഒന്നാണെന്ന് ചിന്തിച്ചു നോക്കുക.

എങ്ങനെയായാലും ധാരാളം ആളുകൾ, അവർ പാപത്തിൽ നഷ്ടപ്പെട്ടവരാണെന്നോ ദൈവവും പ്രത്യാശയും ഇല്ലാത്തവരാണെന്നോ കരുതുന്നില്ല. അവർ മനസിലാക്കിയാലും ഇല്ലെങ്കിലും അവർ വസിക്കുന്ന അവസ്ഥ ഇതാണ് എന്നതു ഒരു പരമാർത്ഥം മാത്രമാണ്. ആകയാൽ നമുക്കു, ഈ നഷ്ടപ്പെട്ടവർ ആരാണെന്നും അവരെ സഹായിക്കുവാൻ നമുക്കു എന്തു ചെയ്യുവാൻ കഴിയുമെന്നും അടുത്തു പരിശോധിക്കാം. അവരുടെ നിലവാരത്തിനു മാററം വരുത്തുവാൻ എന്താണ് ആവശ്യം എന്നു കൂടെ കണക്കിലെടുക്കാം.

ആദ്യമായി, ലോകം മുഴുവൻ മൊത്തത്തിൽ പാപത്തിലാണ്, ഇരുട്ടിലാണ്, ദുഷ്ടതയിലാണ് എന്ന കാര്യത്തിലേക്ക് വരുമ്പോൾ എല്ലാവരും രക്ഷിക്കപ്പെടാത്തവരും നഷ്ടപ്പെട്ടവരുമാണ് എന്നു പറയാവുന്നതല്ല. ഉദാഹരണമായി ഒരു ശിശു ഈ ലോകത്തിൽ ജനിക്കുമ്പോൾ അവനോ അവളോ പാപം ഇല്ലാതെ വിശുദ്ധമായ അവസ്ഥയിലാണ് വരുന്നതു. അവർ തിരിച്ചറിവിന്റെ പ്രായമെത്തുന്നതുവരെ ആ രീതിയിൽ നിലനിൽക്കുകയും ചെയ്യും. അതുകൊണ്ടാണ് ഒരാൾക്കു ദൈവരാജ്യത്തിൽ അഥവാ സഭയിൽ പ്രവേശിക്കണമെന്നുണ്ടെങ്കിൽ ശിശുക്കളെപോലെ ആയിതീരണം എന്നു ക്രിസ്തു പഠിപ്പിച്ചതു (മത്താ. 18:1-5). അതിലധികമായി ആ അവസ്ഥയിൽ തന്നെ ആ ശിശു ആണായാലും പെണ്ണായാലും മരിച്ചുപോയാൽ സ്വർഗ്ഗത്തിൽ പോകും എന്നതിനു സംശയമില്ല. പക്ഷെ ആ കുഞ്ഞു വളർന്നു പക്വതയിൽ എത്തുന്ന സാഹചര്യത്തിൽ, തിൻമയിൽ നിന്നു നൻമ വേർതിരിച്ചറിയാറാവുമ്പോൾ അവനും അവളും, തങ്ങളുടെ പ്രവൃത്തികൾക്കു കണക്കു കൊടുക്കേണം. അതുകൊണ്ട് അവരെ പാപികളായി തരം തിരിക്കാം.

ഈ തിരിച്ചറിവിന്റെ പ്രായമെത്തിയ ഒരാൾ ദൈവഹിതം മനസിലാക്കുവാൻ വചനം വായിച്ച് പഠിക്കുകയോ

സുവിശേഷം കേൾക്കുകയോ ചെയ്തു ദൈവകൽപന അതേ പടി അനുസരിക്കുന്നുവെങ്കിൽ അയാൾ രക്ഷിക്കപ്പെടും. "നിങ്ങൾ ലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ: വിശ്വസിക്കയും സ്നാനമേൽക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും. (മർക്കോസ് 16:15-16). ആ രീതിയിൽ തന്നെ അയാൾ കർത്താവിൽ വിശ്വസ്തതയോടെ ജീവിക്കുകയാണെങ്കിൽ അയാൾ രക്ഷിക്കപ്പെട്ട അവസ്ഥയിലാണെന്നു ഉറപ്പിച്ചു പറയാം. മരണപര്യന്തം വിശ്വസ്ഥനായിരുന്നാൽ ജീവകിരീടം തരാമെന്നു കർത്താവു തന്നെ പറഞ്ഞിട്ടുണ്ട് (വെളിപ്പാട് 2:10).

ഇപ്പോൾ നമുക്കു നഷ്ടപ്പെട്ടവരുടെ അടുക്കലേക്കു മടങ്ങിവരാം. അവരുടെ ചില അടയാളങ്ങൾ നോക്കി ചിലരെ തിരിച്ചറിയാം. മുൻപ് പറഞ്ഞതുപോലെ നൻമയും തിൻമയും തിരിച്ചറിയുന്ന പ്രായത്തിൽ എത്തുന്ന ഒരാളാണ് പാപിയായി അറിയപ്പെടുന്നതു. എന്നാൽ സുവിശേഷം ഒരിക്കലും കേൾക്കാത്തവരോ? ദൈവേഷ്ടം അറിയാത്തവരോ? അജ്ഞത ഒരു ഒഴിവു കഴിവായി നമ്മുടെ കർത്താവ് അംഗീകരിക്കയില്ല. അപ്പൊസ്തലനായ പൌലോസ് ഇതിനെ കുറിച്ച് മുന്നറിയിച്ചിട്ടുണ്ട്. ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ നിങ്ങളെ പീഡിപ്പിക്കുന്നവർക്കു പീഡയും പീഡ അനുഭവിക്കുന്ന നിങ്ങൾക്കു ഞങ്ങളോടുകൂടെ ആശ്വാസവും പകരം നൽകുന്നതു ദൈവസന്നിധിയിൽ നീതിയല്ലോ. ആ നാളിൽ അവൻ തന്റെ വിശുദ്ധൻമാരിൽ മഹത്വപ്പെടേണ്ടതിനും ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ വിശ്വസിച്ചതുപോലെ വിശ്വസിച്ച എല്ലാവരിലും താൻ അതിശയ വിഷയം ആകേണ്ടതിനും വരുമ്പോൾ സുവിശേഷം അനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടു കൂടിയ

മഹത്വവും വിട്ടകന്നു നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും (2 തെസലോനിക്യർ 1:7-10). അജ്ഞത വെച്ചുകൊണ്ടിരുന്നാൽ അവസാനം ന്യായവിധിനാളിൽ യാചിച്ച് രക്ഷപ്പെടാമെന്ന് വിചാരിക്കരുത്. ഒരു രാജ്യത്തിന്റെ നിയമമായാലും അറിഞ്ഞില്ല എന്നു പറഞ്ഞാൽ ശിക്ഷിക്കാതെ വിടുകയില്ല. അതുപോലെ തന്നെയാണ് ദൈവിക നിയമവും.

നല്ല ധാർമ്മിക ജീവിതം നയിക്കുന്നവർ നഷ്ടപ്പെട്ടവരാണ്; അവർ തങ്ങളുടെ സൽപ്രവൃത്തിയിൽ മാത്രം ഒതുങ്ങി നിന്നാൽ മതി എന്നു ചിന്തിച്ച് ജീവിച്ചാൽ കൊർന്നെല്യാസും അവന്റെ ഗൃഹവും മാനുഷികമായി നല്ല ജീവിതം നയിച്ചവരായിരുന്നു. പ്രവൃത്തി 10, 11 എന്നീ അദ്ധ്യായങ്ങൾ പരിശോധിച്ചാൽ അതു വ്യക്തമാകും. പക്ഷെ അവർ രക്ഷിക്കപ്പെടുവാൻ സുവിശേഷം കേൾക്കുകയും അനുസരിക്കയും വേണ്ടിയിരുന്നു. സൽപ്രവൃത്തി ചെയ്തുകൊണ്ട് ഒരാൾ രക്ഷിക്കപ്പെടും എന്നു ആശിച്ചാൽ രക്ഷിക്കപ്പെടുകയില്ല. കൃപയാലല്ലൊ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിനും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രെയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല (എഫെസ്യർ 2:8-9). അവൻ നമ്മെ നാം ചെയ്ത നീതിപ്രവൃത്തികളാലല്ല; തന്റെ കരുണപ്രകാരമത്രേ രക്ഷിച്ചതു. പക്ഷെ ഒരാൾ നല്ല ധാർമ്മികജീവിതം നയിച്ച് സൽപ്രവൃത്തികൾ ചെയ്യുമ്പോൾ ആ വ്യക്തി എങ്ങനെ പാപത്തിൽ നഷ്ടപ്പെട്ടവനാകും ? കാരണം വളരെ ലളിതമാണ്. നമ്മുടെ പ്രവൃത്തികൾ നോക്കിയല്ല നമ്മെ ദൈവം രക്ഷിക്കുന്നതു, മറിച്ച് ക്രിസ്തു മുഖാന്തരമാണ്. സ്വർഗ്ഗത്തിലേക്കു പോകുവാൻ മനുഷ്യൻ തന്നിൽ തന്നെയോ തന്റെ പ്രവൃത്തികളിലോ ആശ്രയിക്കരുതു. അങ്ങനെ ചെയ്താൽ അതു അസാദ്ധ്യമാണ്. ഒരാൾ എത്ര നല്ലവനാണെങ്കിലും അയാൾക്കു പൂർണ്ണമായും പാപരഹിതമായ

ജീവിതം നയിക്കാൻ പ്രയാസമാണ്. ഒരു തെററു പോലും ചെയ്യാതെ ആർക്കും ജീവിക്കുക എളുപ്പമല്ല. മനുഷ്യൻ ബലഹീനനാണ്, ജഡമാണ്, തെററു പ്രവർത്തിക്കുന്നവനാണ്. അതുകൊണ്ട് ഏക രക്ഷകനായ ക്രിസ്തുവിലും അവൻെറ രക്ഷയിലും എല്ലാവരും ആശ്രയിക്കണം: മനുഷ്യർ നല്ല ജീവിതം നയിച്ച് രക്ഷ പ്രാപിക്കുവാൻ കഴിയുമായിരുന്നെങ്കിൽ ക്രിസ്തു പാപപരിഹാരയാഗമായി തീരേണ്ട ആവശ്യം ഉണ്ടായിരുന്നില്ലല്ലൊ,

ഭൂരിഭാഗം മതപരമായ ആളുകളും നഷ്ടപ്പെട്ടവരാണ്....പൊതുവായി മതപരമായ ആളുകളെ കുറിച്ച് പറയുമ്പോൾ ഇന്നത്തെ മതഭക്തിയിൽ ഉൾപ്പെടുന്ന എല്ലാവരും അതിൽ പെടും. യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരും അവനെ അനുഗമിക്കുന്നു എന്ന് അവകാശപ്പെടുന്നവരും ഉൾപ്പെടും. അധികം പേരും യേശുക്രിസ്തുവിൻെറ ഉപദേശത്തിനുപകരം മനുഷ്യരുടെ ഉപദേശമാണ് പിൻപററുന്നതു. കർത്താവ് അങ്ങനെയുള്ളവരോടു പറയുന്നതു: ''എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എൻെറ പിതാവിൻെറ ഇഷ്ടം ചെയ്യുന്നവനത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു. കർത്താവേ, കർത്താവേ, നിൻെറ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിൻെറ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിൻെറ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവൃത്തിക്കയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോടു: ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടുപോകുവിൻ എന്നു തീർത്തു പറയും (മത്തായി 7:21-23). അപ്പൊസ്തലൻമാരുടെ വാക്കുകൾ ശ്രദ്ധിക്കുമ്പോൾ, സഹോദരൻമാരേ, നിങ്ങൾ പഠിച്ച ഉപദേശത്തിനു വിപരീതമായ ദ്വന്ദ്വപക്ഷങ്ങളേയും ഇടർച്ചകളേയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചു കൊള്ളേണമെന്നു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു: അവരോടു അകന്നു

മാറുവിൻ. അങ്ങനെയുള്ളവർ നമ്മുടെ കർത്താവായ ക്രിസ്തുവിനെ അല്ല, തങ്ങളുടെ വയററിനെയത്രേ സേവിക്കയും ചക്കരവാക്കും മുഖസ്തുതിയും പറഞ്ഞു സാധുക്കളുടെ ഹൃദയങ്ങളെ വഞ്ചിച്ചുകളകയും ചെയ്യുന്നു (റോമ. 16:17-18) എന്നു പഠിക്കുന്നു. അതുകൊണ്ട് മതഭക്തി യുള്ളവരാണ് എന്നതുകൊണ്ടുമാത്രം രക്ഷിക്കപ്പെടും എന്നു വിചാരിക്കരുതു. നിങ്ങൾ ചില മനുഷ്യരുടെ ഉപദേശങ്ങളെ, അല്ലെങ്കിൽ അവരുടെ പാരമ്പര്യമായ ആചാരങ്ങളെയാകാം പ്രമാണിക്കുന്നതു. ബൈബിളിൽ വായിക്കാത്ത ഒരു സഭയിലാകാം നിങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്നതു. നിങ്ങൾ അറിയപ്പെടുന്നതു ക്രിസ്തുവിൻെറ പേരിനുപകരം മറെറാരു പേരിലായിരിക്കാം. മനുഷ്യകൽപനകളും സമ്പ്രദായങ്ങളും അനുസരിച്ചായിരിക്കും. നിങ്ങൾ ആരാധിക്കുന്നതു. മറെറാരർത്ഥത്തിൽ പറഞ്ഞാൽ നിങ്ങൾ എത്ര മതഭക്തിയുള്ളവനാണോ എന്നു നോക്കിയല്ല മറിച്ച് നിങ്ങൾ കർത്താവിൻെറ കൽപനകൾ അനുസരിക്കുന്നോ എന്നതാണ് രക്ഷിക്കുവാനുള്ള അവൻെറ ഉപാധി.

കർത്താവിനാൽ രക്ഷിക്കപ്പെട്ട് അവൻെറ ഭവനത്തിൽ അംഗമായി തീരാഞ്ഞാൽ രക്ഷിക്കപ്പെടുകയില്ല. മതപരമായി നിങ്ങൾ എവിടെ നിൽക്കുന്നു എന്നു നിങ്ങളെ തന്നെ പരിശോധിക്കുക. വഞ്ചിക്കപ്പെടുവാനും തെററായി നയിക്കപ്പെടുവാനും എളുപ്പമാണ്. അവസാനം നിത്യമായി നഷ്ടപ്പെടുവാനും സാദ്ധ്യതയുണ്ട്. അതു നിങ്ങൾക്കു സംഭവിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾക.

ലൗകികരായ ആളുകൾ, സത്യസന്ധതയില്ലാത്തവരും മറെറല്ലാ തെററുകളും മോശമായ കാര്യങ്ങളും ചെയ്യുന്നവർ നഷ്ടപ്പെട്ടവരാണ്. അവർ ദൈവത്തിൻേറയും മനുഷ്യരുടെയും കൽപനകൾ ലംഘിക്കുന്നവരാണ്. ഈ ആളുകളിൽ മുഖ്യപങ്കും ലോകത്തിൻെറ തടവിലാണ്. പക്ഷെ അവരിൽ നല്ലൊരു ഭാഗവും റോഡിൽ കൂടെ നടക്കയും,

നമുക്കു ചുററും പാർക്കുകയും, കച്ചവടത്തിലും രാഷ്ട്രീയത്തിലും സ്വകാര്യമായ മററു ജോലികളിലും വ്യാപൃതരായിത്തീരുന്നു. ഇവരെല്ലാം ജഡത്തിന്റെ പ്രവൃത്തികൾ ചെയ്യുന്നവരാണ് (ഗലാത്യർ 5:19-21). അതോടൊപ്പം ഈ ആളുകൾ തങ്ങളുടെ പ്രവൃത്തികൾക്കു തക്ക ഫലം അനുഭവിക്കേണ്ടതാണ്. ഈ ലോകത്തിലോ അല്ലെങ്കിൽ വരുവാനുള്ള ലോകത്തിലോ അതുമല്ലെങ്കിൽ രണ്ടു സ്ഥലത്തും അതിന്റെ അനന്തരഫലം അനുഭവിക്കേണ്ടിവരും. പാപത്തിന്റെ ശമ്പളം മരണമെന്ന് പൌലോസ് നമ്മെ ഉൽബോധിപ്പിക്കുന്നു. തിൻമ ചെയ്യുന്നവർ ന്യായവിധിക്കായി ഉയിർത്തെഴുന്നേൽക്കും എന്നാണ് കർത്താവ് മുന്നറിയിച്ചതു (യോഹന്നാൻ 5:28-29). കർത്താവും ദൈവജനവും മാനസാന്തരപ്പെടുവാൻ പ്രബോധിപ്പിക്കുന്നു (ലൂക്കൊ. 13:3). അതുപോലെ രക്ഷിക്കപ്പെടുവാൻ ദൈവത്തെ അനുസരിക്കുക (എബ്രായർ 5:8-9). എന്റെ സ്നേഹിതരേ, ക്രിസ്തു നിങ്ങളെ രക്ഷിപ്പാൻ വന്നു. നിങ്ങൾ രക്ഷ പ്രാപിക്കേണ്ടതിനു അവർ മരിച്ചു (1 തിമൊഥെയൊസ് 1:5). അവനെയും അവന്റെ രക്ഷയെയും തള്ളിക്കളയരുതു (വെളിപ്പാട് 22:14).

അവസാനമായി, കർത്താവിന്റെ സ്വന്തജനത്തിൽ ഒരു ശതമാനം പേർ നഷ്ടപ്പെട്ടവരാണ്; നിത്യമായി നഷ്ടപ്പെടുന്നവരുമായിരിക്കും; എന്തുകൊണ്ട് ? കാരണം അവർ പാപത്തിലേക്കു പിന്തിരിയുന്നു; അവിശ്വാസ്ഥരായി കർത്താവിൽ നിന്നും അകന്നുപോകുവാൻ ലോകത്തിന്റെ ആകർഷക വലയത്തിൽ കുടുങ്ങി തോരപ്പോകയാണ്. മുടിയനായ പുത്രന്റെ കഥ യേശു നമ്മെ പഠിപ്പിക്കുന്നുണ്ട്. ഒരിക്കൽ അവൻ പിതാവിനോടുകൂടെ ആയിരുന്നു. എന്നാൽ തന്റെ അവകാശമെല്ലാം ലോകപ്രകാരമുള്ള പാപജീവിതത്തിനായി അവൻ ചെലവിടുന്നു. എന്നാൽ അവൻ തന്റെ അവസ്ഥ തിരിച്ചറിഞ്ഞതും മടങ്ങി ചെന്നതും എങ്ങനെ എന്നു വിശദമാക്കിയിട്ടുണ്ട് (ലൂക്കൊസ് 15:11-32). ക്രിസ്തുവിനെ വിട്ടുപോകുന്നവരെ സംബന്ധിച്ച്

പത്രൊസ് എഴുതിയിരിക്കുന്നു: കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്താൽ ലോകത്തിന്റെ മാലിന്യം വിട്ടോടിയവർ അതിൽ വീണ്ടും കുടുങ്ങി തോററുപോയാൽ അവരുടെ ഒടുവിലത്തെ സ്ഥിതി ആദ്യത്തേതിനേക്കാൾ അധികം വഷളായിപ്പോയി. തങ്ങൾക്കു ഏല്പിച്ചു കിട്ടിയ വിശുദ്ധ കല്പനയെ നീതിയുടെ വഴി അറിഞ്ഞശേഷം വിട്ടുകളയുന്നതിനേക്കാൾ അതു അറിയാതിരിക്കുന്നതു അവർക്കു നന്നായിരുന്നു. എന്നാൽ സ്വന്ത ഛർദ്ദിക്കു തിരിഞ്ഞ നായെന്നും കുളിച്ചിട്ടു ചളിയിൽ ഉരുളുവാൻ തിരിഞ്ഞ പന്നിയെന്നും ഉള്ള സത്യമായ പഴഞ്ചൊല്ലുപോലെ അവർക്കു സംഭവിച്ചു (2 പത്രൊസ് 2:20-22).

ആകയാൽ ക്രിസ്ത്യാനിയായി തീർന്നു എന്ന കാരണം കൊണ്ട് എന്നേക്കും രക്ഷിക്കപ്പെടും എന്നു വിചാരിക്കരുതു. കർത്താവിന്റെ സഭയിൽ അംഗമായി തീർന്നു എന്നതു കൊണ്ട് നഷ്ടപ്പെടുകയില്ല എന്നു കരുതരുതു. മരണ സമയത്തു നിങ്ങൾ ക്രിസ്ത്യാനി അല്ലെങ്കിൽ പിന്നെ നിങ്ങൾക്കു ക്രിസ്ത്യാനി ആകുവാൻ സാദ്ധ്യമല്ല. ക്രിസ്ത്യാനിയാകാത്തവർക്കും ക്രിസ്ത്യാനിയായിട്ട് വിശ്വസ്തമായി മരണം വരെ ജീവിക്കാത്തവർക്കും മരിച്ചാൽ സ്വർഗ്ഗത്തിൽ പ്രവേശിക്കാവുന്നതല്ല (വെളിപ്പാട് 2:10). നിങ്ങൾ രക്ഷിക്കപ്പെടുമെന്നും; ആ രീതിയിൽ നിലനില്ക്കുമെന്നും നിങ്ങളെ കർത്താവിനു സമർപ്പിക്കുകയും ആജീവനാന്തം അവനെ സേവിക്കുകയും അനുസരിക്കുകയും ചെയ്യുമെന്നും ആണ് എന്റെ പ്രാർത്ഥന. അങ്ങനെ ചെയ്താൽ ദൈവം നിങ്ങളെ ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും അനുഗ്രഹിക്കും.

അതെ, ലോകത്തിലുള്ള ആളുകൾ പാപത്തിൽ, ഇരുട്ടിൽ, ദുഷ്ടതയിൽ ആണ്. അവരുടെ നന്മയെക്കുറിച്ച് അധികമൊന്നും പറയാനില്ല. യേശുക്രിസ്തു മുന്നറിയിച്ചിരിക്കുന്നതു: ഇടുക്കുവാതിലൂടെ ജീവങ്കലേക്കു പോകു

ന്നവർ ചുരുക്കമൊന്നെന്നും വിശാലമായ വഴിയിൽ കൂടെ പോകുന്നവർ അനേകരുമാണ് എന്നാണ് (മത്തായി 7:13, 14). നിങ്ങളും ഞാനും പാപികളാണ്, അതിൽ യാതൊരു സംശയവുമില്ല. ഒന്നുകിൽ നാം രക്ഷിക്കപ്പെട്ടവരോ അല്ലെങ്കിൽ നഷ്ടപ്പെട്ടവരോ ആണ്. നിങ്ങൾ നഷ്ടപ്പെട്ടവനാകാം പക്ഷെ അതിൽ നിലനില്ക്കേണ്ടതില്ല. കർത്താവിന്റെ ഇഷ്ടം എന്തെന്ന് കേൾക്കുക, അവനിൽ വിശ്വസിക്കുക, നിങ്ങളുടെ പാപത്തിൽ നിന്നു തിരിയുക, കർത്താവു ദൈവപുത്രനെന്നു മനുഷ്യരുടെ മുമ്പാകെ ഏററു പറയുക, സ്നാനമേല്ക്കുക. ഇത്രയും ചെയ്യുമ്പോൾ ക്രിസ്തു നിങ്ങളെ രക്ഷിക്കും. നിങ്ങൾ അവിശ്വസ്ഥനായ ഒരു ക്രിസ്ത്യാനിയാണെങ്കിലും നിങ്ങൾ നഷ്ടപ്പെട്ടവനാണ്. നിങ്ങൾ മാനസാന്തരപ്പെട്ട്, തെററുകൾ കർത്താവിനോടും സഹോദരങ്ങളോടും ഏററു പറഞ്ഞുക്ഷമാപണം സ്വീകരിക്കുക. ആരും നഷ്ടപ്പെട്ടുപോകരുതു എന്നാണ് ദൈവത്തിന്റെ ആഗ്രഹം. നാം രക്ഷിക്കപ്പെടേണ്ടതിനു ക്രിസ്തു മരിച്ചു നമുക്കു വേണ്ടി നല്കുന്ന രക്ഷയെ നമുക്കു സ്വീകരിക്കാം. നാം അങ്ങനെ ചെയ്യുമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

★

# യേശുവിന്റെ അമ്മ മറിയ

## ചോദ്യോത്തര പംക്തി

യേശുവിന്റെ അമ്മ മറിയയെക്കുറിച്ച് എനിക്കു അധികമൊന്നും അറിഞ്ഞുകൂടാ അതുകൊണ്ട് ദയവായി ഒന്നു വിശദീകരിക്കാമോ ? (**A. J.** ഗുജറാത്ത്, ഇന്ത്യ).

ബൈബിളിൽ മറിയയെ സംബന്ധിച്ച് ധാരാളം വസ്തുതകൾ വിശദീകരിക്കുന്നുണ്ട്. എന്നാൽ കർത്താവ് തിരുവചനത്തിൽ വെളിപ്പെടുത്തിയിട്ടുള്ള ഏതാനും ഭാഗ

ങ്ങാം നമുക്കു ചിന്തിക്കാം. അതിനു ശേഷം പിന്നിട്ട നൂററാണ്ടുകളിൽ കടന്നു കൂടിയ തത്വങ്ങളേയും ഉപദേശങ്ങളേയും നമുക്കു പരിശോധിക്കാം.

യേശുവിൻെറ ശുശ്രൂഷ ആരംഭിക്കുന്നതിനു മുൻപ് താഴെ പറയുന്ന സംഭവങ്ങളിൽ മറിയയും ഉൾപ്പെടുന്നുണ്ട്

1 ഗബ്രിയേൽ ദൂതൻ നസറേത്തിൽ വെച്ച് അവൾക്കു പ്രത്യക്ഷനായി അവൾ പരിശുദ്ധാത്മാവിനാൽ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും എന്നു അരുളി ചെയ്തു (ലൂക്കൊസ് 1:26-28).

2 മറിയ അവളുടെ ബന്ധു എലിശബെത്തിനെ സന്ദർശിക്കുന്നു (ലൂക്കോസ് 1:39-56).

3 ഒരു സ്വപ്നത്തിൽ യോസേഫിനു ദൈവദൂതൻ പ്രത്യക്ഷനാകുകയും മറിയ ഗർഭിണിയായിരിക്കുന്നതു പരിശുദ്ധാത്മാവിനാലാണെന്നും അതുകൊണ്ട് അവളെ ചേർത്തുകൊള്ളുവാൻ ശങ്കിക്കേണ്ട എന്നും അറിയിച്ചു. തൽഫലമായി യോസേഫ് മറിയയെ ചേർത്തു ഭാര്യയായി എടുത്തു (മത്തായി 1:18-24).

4 യോസേഫും മറിയയും ബേത്ത്ലഹേമിലേക്കു യാത്ര തിരിക്കുകയും മറിയ ഒരു മകനെ പ്രസവിക്കയും ചെയ്യുന്നു (ലൂക്കൊസ് 2:1-7; മത്തായി 1:25).

5 ചില ആട്ടിടയൻമാരോടു അവൻെറ ജനനത്തെ അറിയിക്കുകയും അവർ യേശുവിനെ കാണുവാൻ പോകയും ചെയ്യുന്നു (ലൂക്കൊസ് 2:8-20).

6 യേശുവിനെ പരിച്ഛേദന കഴിപ്പിച്ചു, പേരിട്ടു യെരുശലേമിലെ ദേവാലയത്തിൽ അവനെ കൊണ്ടു വരികയും ചെയ്തു (ലൂക്കോ. 2:21-38; മത്താ. 1:25).

7 വിദ്വാൻമാർ കിഴക്ക് നിന്നു വന്ന് അവനെ സന്ദർശിക്കുകയും അവന് കാഴ്ച്ച സമർപ്പിക്കയും മടങ്ങിപോകയും ചെയ്യുന്നു (മത്തായി 2:1-12).

8 ഹെരോദാ രാജാവ് യേശുവിനെ അന്വേഷിച്ച് കൊല്ലുവാൻ പദ്ധതി ഒരുക്കുന്നു; അങ്ങനെ ആ കുടുംബം മിസ്രയീമിലേക്കു രക്ഷപ്പെടുന്നു. അവൻ പിന്നീട് ഇസ്രായേലിലെ നസറേത്തിൽ മടങ്ങി വന്നു അവിടെ താമസം ഉറപ്പിക്കുന്നു (മത്തായി 2:13-23).

9 യേശുവിനു പന്ത്രണ്ടു വയസായപ്പോൾ ആ കുടുംബം പെസഹ ആഘോഷിക്കുവാൻ യെരൂശലേമിൽ പോകുകയും പിന്നീട് മടങ്ങി നസറേത്തിലേക്ക് പോകയും ചെയ്യുന്നു (ലൂക്കോസ് 2:41-51)

10 നസറേത്തിൽ വച്ച് യേശു വളരുവാൻ തുടങ്ങി (ലൂക്കോസ് 2:51-52).

യേശുവിന്റെ പരസ്യ ശുശ്രൂഷാവേളകളിൽ താഴെ ഉകൊടുത്തിരിക്കുന്ന സംഭവങ്ങളിൽ മറിയയെയും നമുക്കു ദർശിക്കാം.

1 കാനാവിലെ കല്യാണ വിരുന്നിൽ യേശു വെള്ളം വീഞ്ഞാക്കി മാററിയ ആ സന്ദർഭത്തിൽ മറിയയും ഉണ്ടായിരുന്നു (യോഹന്നാൻ 2:1-11).

2 കഫർന്നഹൂമിലേക്കു യേശു പോയപ്പോൾ അവന്റെ അമ്മ മറിയയും സഹോദരന്മാരും അവന്റെ ശിഷ്യന്മാരും ഉണ്ടായിരുന്നു (യോഹന്നാൻ 2:12).

3 കഫർന്നഹൂമിലെ ഒരു വീട്ടിൽ യേശു പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ അവന്റെ അമ്മ മറിയയും അവന്റെ സഹോദരന്മാരും അവനെ കാണുവാൻ വന്നിരുന്നു (മത്തായി 12:46-50; മർക്കൊസ് 3:31-35; ലൂക്കൊസ് 8:19-21).

4 യേശു ക്രൂശിൽ വെച്ച് മറിയയോടും, അവന്റെ ശിഷ്യന്മാരിൽ ഒരാളോടും സംസാരിക്കുന്നുണ്ട് (യോഹന്നാൻ 19:25-27).

യേശുവിന്റെ ശുശ്രൂഷക്കുശേഷം മറിയയെക്കുറിച്ച് രണ്ട് ഭാഗങ്ങളിൽ മാത്രമെ പ്രതിപാദിച്ചിട്ടുള്ളൂ.

1 യെരുശലേമിലെ ഒരു മാളിക മുറിയിൽ അപ്പൊസ്തലന്മാരും ഏതാനും സ്ത്രീകളും യേശുവിന്റെ സഹോദരന്മാരും മറിയയും പ്രാർത്ഥിച്ചുകൊണ്ടിരുന്നു (പ്രവൃത്തി 1:14).

2 ഗലാത്യലേഖനത്തിൽ പൌലൊസ് പേര് പറയാതെ അവളെ പരാമർശിച്ചിട്ടുണ്ട്. എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽ നിന്നു ജനിച്ചവനായി ന്യായപ്രമാണത്തിൻ കീഴ് ജനിച്ചവനായി നിയോഗിച്ചയച്ചതു നാം പുത്രത്വം പ്രാപിക്കേണ്ടതിനു തന്നെ (ഗലാത്യർ 4:4).

യേശുവിന്റെ ശുശ്രൂഷാ സമയത്തു മറിയക്കു ശ്രദ്ധേയമായ പങ്കു സുവിശേഷത്തിൽ ഉള്ളതായി കാണുന്നുണ്ട്. പക്ഷെ യേശു, തനിക്കു 30 വയസ് ആയപ്പോഴാണ് വേലക്കു ഇറങ്ങിയതു. അവന്റെ ഉയിർത്തെഴുന്നേൽപിനുശേഷം അധികമൊന്നും മറിയയേക്കുറിച്ച് വായിക്കുന്നില്ല. മറിയയുടെ അവസാനത്തെ വാക്കുകളായിട്ടാണ് കാനാവിലെ കല്ല്യാണ വിരുന്നിൽ പ്രസ്താവിക്കുന്നതു (യോഹന്നാൻ 2:5). അതും യേശുക്രിസ്തു അത്ഭുതം പ്രവർത്തിക്കുന്നതിനു മുൻപായി മറിയ കുറഞ്ഞു വരികയും യേശു വളർന്നു വരികയും ചെയ്യുന്നു. അവന്റെ പരസ്യവേലക്കു മുൻപും ആ സമയത്തും ശ്രദ്ധിക്കത്തക്ക കേന്ദ്രബിന്ദു മറിയയായിരുന്നില്ല; ദൈവപുത്രനായ ക്രിസ്തുവായിരുന്നു.

യേശു സ്വർഗ്ഗാരോഹണം ചെയ്യുന്നതിനു മുൻപ് അവൻ തന്റെ അപ്പൊസ്തലന്മാരോടു എന്റെ പിതാവ്

നിങ്ങളുടെ മേൽ അയയ്ക്കുന്ന പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങളുടെ മേൽ വരുമ്പോൾ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തുകയും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും ഓർമ്മപ്പെടുത്തുകയും ചെയ്യും (യോഹന്നാൻ 16:13). ഒന്നാം നൂററാണ്ട് അവസാനിക്കുന്നതിനു മുൻപ് തന്നെ യേശു, പരിശുദ്ധാത്മാവ് മുഖാന്തരം ദൈവേഷ്ടപ്രകാരമുള്ള അറിവ് പൂർണ്ണമായി വെളിപ്പെടുത്തി. അവൻെറ ജീവിതകാലയളവിനുശേഷം അപ്പൊസ്തലനായിരുന്ന പത്രോസ് എഴുതിയിരിക്കുന്നതു ദൈവം തൻെറ മഹത്വത്താലും വീര്യത്താലും നമ്മുടെ ജീവനും ഭക്തിക്കും വേണ്ടതൊക്കെയും തിരുവചനത്തിൽ നൽകിയിരിക്കുന്നു (2 പത്രൊ. 1:3). ന്യായപ്രമാണത്തിൻെറ തികവുള്ള ഒരു സ്വതന്ത്രജീവിതം പുതിയ നിയമത്തിൽ ദൈവം ഒരുക്കിയിരിക്കുന്നു.

അനേകം ദുരുപദേഷ്ടാക്കൻമാർ വരുമെന്നു യേശു മുന്നറിയിച്ചിട്ടുണ്ട് (മത്തായി 7:15; 24:11). അപ്പൊസ്തലൻമാരും ഇതേ മുന്നറിയിപ്പ് നൽകിയിട്ടുണ്ട് (പ്രവൃത്തി 20:29-30; 2 തിമൊഥെയോസ് 3:13). ഒന്നാം നൂററാണ്ടിൽ പോലും അനേകം കള്ളപ്രവാചകൻമാരും ദുരുപദേഷ്ടക്കൻമാരും നുഴഞ്ഞുകയറി വന്നിരുന്നു. അവർ ക്രിസ്ത്യാനികളെ സത്യത്തിൽ നിന്നു വ്യതിചലിപ്പിച്ചിരുന്നു (2 കൊരിന്ത്യർ 11:13-15; ഗലാത്യർ 1:6-7; തീത്തൊസ് 1:10; 1 യോഹന്നാൻ 2:18).

ബൈബിളിൽ ഇല്ലാത്ത ഒരു ഉപദേശം വിശ്വസിക്കയും പഠിപ്പിക്കയും ചെയ്താൽ തെററുണ്ടോ? നാം മനുഷ്യരുടെ ഉപദേശം സ്വീകരിച്ച് ദൈവത്തെ ആരാധിച്ചാൽ ദൈവം സ്വീകരിക്കില്ല (മത്താ. 15:9). സുവിശേഷത്തെ മറിച്ച് കളഞ്ഞു പഠിപ്പിക്കുന്നവർ ശപിക്കപ്പെട്ടവർ ആണ് (ഗലാത്യർ 1:8-10). തെററായ ഉപദേശം ഒരാൾ വിശ്വസിച്ചാൽ അയാൾക്കു ദൈവത്തിൽ നിന്നു കിട്ടുന്ന പ്രതിഫലം നഷ്ടപ്പെടും (കൊലൊ. 2:8; 2 തെസ്സലൊനീക്യർ 2:9-12). നാം മനുഷ്യ

രുടെ ഉപദേശത്തെ കൈക്കൊണ്ടാൽ നാം മനുഷ്യരുടെ ശിഷ്യന്മാർ ആകും. തന്നിൽ വിശ്വസിച്ച യെഹൂദൻമാരോടു യേശു പറഞ്ഞതു എൻെറ വചനത്തിൽ നിലനിൽക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായും എൻെറ ശിഷ്യൻമാർ ആണ്. സത്യം നിങ്ങൾ അറിയും സത്യം നിങ്ങളെ സ്വതന്ത്രരാക്കും (യോഹന്നാൻ 8:31, 32). യേശുക്രിസ്തുവിൻെറ ഉപദേശത്തിൽ നിലനിൽക്കാതെ അതിർ കടന്നുപോകുന്ന ഒരുത്തനും ദൈവമില്ല (2 യോഹന്നാൻ 9).

ഏതൊരു ഉപദേശത്തെയും ബൈബിൾ വായിച്ച് പരിശോധിക്കുന്നതാണ് സുരക്ഷിതമായ ഏർപ്പാട്. ബൈബിളിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത ഒരു ഉപദേശത്തിൽ നാം വിശ്വാസം അർപ്പിക്കരുത്. ഏതാണ്ട് A. D. 431-ൽ ഒരു മതസംഘടന മറിയയെ ദൈവമാതാവ് എന്ന് വിളിക്കാൻ തുടങ്ങി. പുതിയ നിയമം എഴുതി തീർന്നു 300 വർഷങ്ങളോളം ഇങ്ങനെ ഒന്നു ഉണ്ടായിരുന്നില്ല. എന്നാൽ ബൈബിൾ എന്തു പറയുന്നു ? യേശുവിൻെറ അമ്മ മറിയ എന്നാണ് (യോഹ. 2:1). കർത്താവിൻെറ അമ്മ എന്നു ലൂക്കൊസിൻെറ വിവരണത്തിൽ പറയുന്നു (ലൂക്കൊസ് 1:43). യേശുക്രിസ്തുവോ പുതിയനിയമ എഴുത്തുകാരോ അവളെ ദൈവമാതാവ് എന്നു പറഞ്ഞിട്ടില്ല. ദൈവവും മനുഷ്യനുമായി ജീവിച്ചതു യേശുക്രിസ്തു മാത്രമായിരുന്നു. മനുഷ്യനായ യേശുവിൻെറ അമ്മയായിരുന്നു മറിയ. ദൈവികമായ ഭാഗം യേശു ജഡമായി മറിയയിൽ വരുന്നതിനു മുൻപു തന്നെ ഉണ്ടായിരുന്നു.

## നിത്യകന്യകാത്വം ?

ഒന്നാം നൂറ്റാണ്ടിൽ നോസ്റ്റിക്ക്സുകാർ എന്ന ഒരു കൂട്ടം ആളുകൾ ഉണ്ടായിരുന്നു. അവർ ക്രിസ്തീയ ഉപദേശത്തോടു യൌവന തത്വചിന്തകൾ കൂട്ടി കലർത്തി പഠിപ്പിച്ചിരുന്നു. എല്ലാ വസ്തുക്കളും ദോഷമുള്ളതാണ് ജഡവും തിൻമയാണ് അതുകൊണ്ട് ജഡസംബന്ധമായ. എന്തും തിൻമയാണ് എന്നതാണ് അവരുടെ പക്ഷം.

അതിൽ ഒന്നാണ് വിവാഹവും. വിവാഹം കഴിക്കാതെ ജീവിക്കുന്നതു പരിശുദ്ധമാണ് എന്ന് അവർ കരുതിയിരുന്നു. മറിയ യേശുവിനു ജന്മം നൽകിയശേഷവും കന്യകയായി ജീവിച്ചു എന്നാണ് അവർ പഠിപ്പിച്ചതു. എന്നാൽ ബൈബിൾ പറയുന്നതു വിവാഹം എല്ലാവർക്കും മാന്യമാണ് (എബ്രായർ 13:4). മറിയയെ യോസേഫ് പരിഗ്രഹിച്ചു എന്നും അവൾക്കു യേശുവിനെ കൂടാതെ വേറെ മക്കൾ ഉണ്ടായിരുന്നതായും രേഖകൾ സൂചിപ്പിക്കുന്നു (മത്തായി 13:55).

മറിയക്കു പ്രത്യേകമായ ദൈവികത്വമോ നിത്യകന്യകാത്വമോ വിശുദ്ധവേദപുസ്തകത്തിൽ ഇല്ല. സാധാരണ ഒരു സ്ത്രീ എന്നതിൽ ഉപരിയായി മറ്റൊന്നു അവളിൽ ഇല്ലായിരുന്നു. സാമാന്യബുദ്ധിയനുസരിച്ച് ചിന്തിച്ചാൽ മനസിലാക്കാവുന്നതാണല്ലോ ഒരു സ്ത്രീ പ്രസവിച്ചു കഴിഞ്ഞാൽ അവളുടെ കന്യകാത്വം നഷ്ടപ്പെടും എന്നതു തന്നെയുമല്ല അവളുടെ പിന്നീടുള്ള ഭർത്താവുമൊത്ത ജീവിതം വ്യക്തമാക്കുന്നതു അവൾ ദാമ്പത്യജീവിതം നയിച്ചു എന്നാണ്. അവൾ വീണ്ടും മക്കളെ പ്രസവിച്ചതുകൊണ്ടാണല്ലൊ അവരുടെ പേരുകൾ പോലും എടുത്തു പറഞ്ഞിരിക്കുന്നതു. യേശുവിനു ജൻമം നൽകുന്നതുവരെ അവൾ കന്യകയായിരുന്നു. അതിനുശേഷം യോസേഫിൻെറ ഭാര്യയായിട്ടാണ് ജീവിച്ചതു (മത്തായി 1:24-25).

നിത്യകന്യകാത്വം ബൈബിൾ ഉപദേശമല്ല. മനുഷ്യരായി ജനിക്കുന്ന ഏതൊരു വ്യക്തിക്കും വിവാഹജീവിതവും കുടുംബബന്ധവും ദൈവനിശ്ചയമാണ്. മറിയ ഉടലോടെ സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ടു എന്നു പറയപ്പെടുന്നതല്ലാതെ തിരുവെഴുത്തിൽ അതിനു യാതൊരു തെളിവും ഇല്ല. പുതിയ നിയമത്തിൽ കാണപ്പെടാത്ത പല ഉപദേശങ്ങളും പാരമ്പര്യ സമുദായങ്ങളിൽ ഉണ്ട്.

★

# വിഗ്രഹാരാധന

ബിംബങ്ങൾ, രൂപങ്ങൾ, ചിത്രങ്ങൾ ഇങ്ങനെ വിവിധ രീതിയിലും പേരിലും അറിയപ്പെടുന്ന ഒരു പ്രതിഭാസത്തെ അനേകർ ന്യായീകരിക്കയും ചുരുക്കം ചിലർ അതിനെ എതിർക്കയും ചെയ്യുന്നു. അതിന്റെ ആവിർഭാവവും ഉദ്ദേശവും പിന്നീടുണ്ടായ മാറ്റങ്ങളും നമുക്കു പരിശോധിക്കാവുന്നതാണ്. ദൈവം ഏകനാണ്, അവൻ, തന്നെ വെളിപ്പെടുത്തിയിട്ടുമുണ്ട്. ഞാനല്ലാതെ അന്യദൈവങ്ങൾ നിങ്ങൾക്ക് ഉണ്ടാകരുതു; ആകാശത്തിലോ ഭൂമിയിലോ വെള്ളത്തിലോ ഉള്ള യാതൊന്നിന്റെയും പ്രതിമ ഉണ്ടാക്കരുതു; അവയെ നമസ്കരിക്കയും അരുതു എന്നു സകലത്തിന്റെയും ഉറവിടമായ ദൈവം അരുളിച്ചെയ്തിരിക്കുന്നു (പുറപ്പാട് 20:3-4). ജീവനില്ലാത്ത വസ്തുക്കൾകൊണ്ട് ജീവനുള്ളവയുടെ രൂപമെന്ന് വരുത്തി തീർക്കുക; ദൈവത്തേക്കാൾ ഉപരി മറ്റൊന്നിനെ സ്നേഹിക്കുക എന്നിവയാണ് വിഗ്രഹാരാധന എന്നു പറയുന്നതു. പള്ളികളിലായാലും ക്ഷേത്രങ്ങളിലായാലും ദൈവത്തെ ഓർമ്മിക്കുവാനും ഭയപ്പെടുവാനും ബിംബങ്ങളാണ് ഉണ്ടാക്കി വെച്ചിരിക്കുന്നതു. ഇതു ദൈവത്തിന്റെ ഇച്ഛക്കു വിപരീതമാണ്; ദൈവത്തെ തരം താഴ്ത്തുന്ന ഒന്നാണിതു. കാരണം ജീവനുള്ള ദൈവത്തെ അവർ ജീവനില്ലാതാക്കി തീർക്കുകയാണ് ചെയ്യുന്നതു.

ലോഹം കൊണ്ടോ, മരം കൊണ്ടോ, കല്ലു കൊണ്ടോ അല്ലെങ്കിൽ മറ്റെന്തെങ്കിലും ഒരു വസ്തു ഉപയോഗിച്ച് ദൈവത്തെ മെനഞ്ഞുണ്ടാക്കുകയാണ് ചെയ്യുന്നതു. ഇവിടെ സംഭവിക്കുന്ന വിരോധാഭാസമെന്തെന്നാൽ ദൈവമാണ് മനുഷ്യരെ മെനഞ്ഞുണ്ടാക്കിയതു, ആ മനുഷ്യർ ദൈവത്തെ മെനഞ്ഞുണ്ടാക്കാൻ നോക്കിയാൽ എന്തായിരിക്കും സ്ഥിതി! അതാണ് ഇന്നു ലോകത്തിൽ നടക്കുന്നതു. മനുഷ്യന്റെ കൈപ്പണിയായ ഒന്നിലും ദൈവം വസിക്കുകയില്ല

എന്ന് തിരുവെഴുത്തു പറയുമ്പോൾ വിഗ്രഹത്തെ ന്യായീകരിക്കുന്നവർ പറയുന്നതു: അതു വിഗ്രഹങ്ങളല്ല, ദൈവത്തെ പ്രതിനിധാനം ചെയ്യുന്ന ഓരോ ഘടകങ്ങൾ മാത്രമാണ് എന്നാണ്. പക്ഷെ അടിസ്ഥാനപരമായി അവർ തെററു ചെയ്തുപോയി. ദൈവം പറഞ്ഞതു യാതൊന്നിൻേറയും വിഗ്രഹം അരുതു എന്നത്രെ. ആ കാര്യം അവർ വിസ്മരിക്കയാവും. ദൈവത്തിൻെറ നേരിട്ടുള്ള കൽപനയെ ലംഘിക്കുന്ന ഒരു കുററമാണ് ഇത് എന്നതിൽ തർക്കമില്ല. ഏതാനും ആരാധനാലയങ്ങളിൽ കാണപ്പെടുന്ന ബിംബങ്ങൾ ഒന്നും ബിംബങ്ങളല്ല എന്നും ക്ഷേത്രങ്ങളിൽ കാണുന്നതാണ് ബിംബങ്ങൾ എന്നും വാദിക്കുന്നവരുണ്ട്. വിഗ്രഹം എവിടെ ഇരുന്നാലും, ആരുടേതായിരുന്നാലും എന്തിനുവേണ്ടിയായിരുന്നാലും അതു ദൈവത്തോടുള്ള നിഷേധമാണ്. അറിഞ്ഞോ അറിയാതെയോ അനേകർ ഇതിനു കീഴ്പ്പെട്ട് പോകുന്നുണ്ട്. ആളുകൾക്കു ഭക്തി ജനിപ്പിക്കാനായാലും ദൈവത്തെ ഓർമ്മിക്കാനായാലും ശരി നാം ഇതു ചെയ്യാവുന്നതല്ല. ദൈവം വിലക്കിയിരിക്കുന്ന ഒന്നും പ്രവർത്തിക്കരുതു.

പഴയ നിയമത്തിൽ മാത്രമല്ല, പുതിയ നിയമത്തിലും ദൈവം ഇതിനെ വിലക്കിയിട്ടുണ്ട്. "അതുകൊണ്ട് പ്രിയരേ വിഗ്രഹാരാധന വിട്ടോടുവിൻ (1 കൊരി. 10:14)." കുഞ്ഞുങ്ങളേ, വിഗ്രഹങ്ങളോടു അകന്നു സൂക്ഷിച്ചു കൊൾവിൻ (1 യോഹന്നാൻ 5:21). ദൈവജനമായ ഇസ്രായേൽ മററു ദേശക്കാരുടെ ഇടയിൽ ജീവിച്ചതുകൊണ്ടാകാം അവരുടെ ഇത്തരം സംസ്ക്കാരത്തിലേക്കു തിരിയുന്നതു. മോശെ, ഇസ്രായേൽ ജനത്തെ മരുഭൂമിയിൽ കൂടെ നടത്തിക്കൊണ്ടു വരുമ്പോൾ ദൈവം മോശെയെ സീനായ് പർവ്വതത്തിലേക്കു വിളിച്ചു. എന്നാൽ മോശെയെ കാണാഞ്ഞ അക്ഷമരായ ജനങ്ങൾ സ്വർണ്ണം കൊണ്ട് ഒരു കാളക്കുട്ടിയെ ഉണ്ടാക്കി. എന്നിട്ട് തങ്ങളെ മിസ്രയീമിൽ നിന്നു വിടുവിച്ചു കൊണ്ടുവന്ന യഹോവയായ ദൈവമാണ് അതെന്ന് അവർ പറഞ്ഞു. പക്ഷെ മോശെ ഇതു കണ്ടപ്പോൾ കോപം ജ്വലിച്ച് അതു ചുട്ടുപൊടിയാക്കി അവരെക്കൊണ്ടു കുടിപ്പിച്ചു.

ദൈവത്തിനു എതിരായി പ്രവർത്തിക്കുന്ന ഏതൊരു വ്യക്തിയായാലും ദേശമായാലും ഫലം ദൈവകോപമായിരിക്കും. വിഗ്രഹാരാധന അന്നും ഇന്നും ഒരു പ്രശ്നം തന്നെയാണ്. മനുഷ്യന്റെ ഭൗതികമായ ജീവിതനിലവാരം മാറുന്നുണ്ട്; ആധുനികമായ പല കണ്ടുപിടുത്തങ്ങളും അവരുടെ ഗവേഷണഫലമായി നടത്തിയിട്ടുണ്ട്. പക്ഷെ മതപരമായ പ്രവൃത്തികളിൽ ആളുകൾ ഗവേഷണം നടത്തുവാൻ മുതിരുന്നില്ല. സാത്താൻ മനുഷ്യമനസ് കുരുടാക്കി വെച്ചിരിക്കുന്നതുകൊണ്ടാകാം.

നമുക്കറിയാം ശലോമോൻ വളരെ ബുദ്ധിശാലിയായിരുന്നു. യഹോവയുടെ പ്രമാണത്തെ അവൻ ലംഘിച്ചപ്പോൾ അവനു ബുദ്ധിമാന്ദ്യം സംഭവിച്ചു. അന്യജാതിക്കാരത്തികളെ അവൻ തന്റെ ഭാര്യമാരാക്കി എടുത്തപ്പോൾ അവർക്കുവേണ്ടി അവരുടെ ദേവൻമാരെ പൂജിക്കുവാൻ അവർക്കു പൂജാഗിരികളെ ഉണ്ടാക്കി. അതുകൊണ്ട് ദൈവം അവനോടു കോപിച്ചു. അതുകൊണ്ടാണ് രാജത്വം അവന്റെ പക്കൽ നിന്നു പറിച്ച് അവന്റെ ദാസനു കൊടുക്കുന്നതു. അതുപോലെ തന്നെ യൊരോബെയാം ഇസ്രായേൽ ഭരിച്ചപ്പോൾ സ്വർണ്ണം കൊണ്ട് ഒരു കാളക്കുട്ടിയെ ഉണ്ടാക്കി ദാനിലും മറ്റൊന്ന് ഉണ്ടാക്കി ബേഥേലിലും പ്രതിഷ്ഠിച്ചു (1 രാജാക്കൻമാർ 12:29). അതുകൊണ്ട് ആ ജനത്തിനു അതു വലിയ ശാപമായി മാറി. ഒന്നാം നൂറ്റാണ്ടിൽ സഭക്കും അതൊരു വലിയ പ്രശ്നമായി നേരിട്ടു. പുതിയ നിയമത്തിൽ അനേകം വേദഭാഗങ്ങൾ അതിനെ ഖണ്ഡിച്ച് സംസാരിക്കുവാൻ കാരണം മറ്റൊന്നല്ല. നമുക്കു ചുററുപാടും നാമൊന്നു കണ്ണോടിച്ചാൽ എല്ലാ സ്ഥലത്തും വിഗ്രഹങ്ങൾ ഉള്ളതായി കാണാം. ഇന്ത്യയിൽ മാത്രമല്ല, ഭൂരിഭാഗം രാജ്യങ്ങളിലും ഈ മൂർത്തികളെ നമുക്കു ദർശിക്കാൻ കഴിയും. ഇവയെ നിർമ്മാർജ്ജനം ചെയ്യേണ്ട കാലം കഴിഞ്ഞിരിക്കുന്നു: ദൈവത്തിനു പ്രാധാന്യം കൊടുക്കേണ്ടതിനുപകരം മനുഷ്യരുടെ കരവിരുതിനു പ്രാധാന്യം കൊടുത്താൽ ദൈവത്തിന്റെ ക്രോധമായിരിക്കും അനുഭവപ്പെടുക.

★

കവിത

# ലബനോൻ

ഉത്തമഗീതം

E. K. തേപ്പുപാറ

മായാ പ്രപഞ്ചമേ പാഴ് മരുഭൂമിയെ,
എങ്ങോട്ടുരുളുന്നു വിസ്മയ ലോകമേ.
ഭാരം പെരുത്തുള്ള വിശ്വാപരേശ്വരേ,
ചുററാൻ മടിക്കുന്നതെന്തെന്നു ചൊല്ലുമോ.
കൂരിരുട്ടിൻെറ കിടാത്തിയിൽ മുങ്ങുന്നാ,
മൂങ്ങയും മൂള്ളനും മൂളുന്ന രാത്രിയിൽ.
എന്തിനുപാഴ്സ്തുതിമീട്ടി അലയുന്നു,
പെട്ടതറിയുമോ വിട്ടു വരിക നീ.
ഇല്ലെങ്കിൽ കാന്തേ കടിച്ചു കീറുന്നൊരു,
പുള്ളിപ്പുലിയുണ്ടു ലബനോൻ മലകളിൽ.
പുള്ളിപ്പുലികളും കള്ളപ്പുലികളും,
ഏങ്ങി തുടിക്കുന്ന ഹെർമ്മോൻ മലകളിൽ.
എന്തിനു ചുമ്മാതെ ചുററുന്നു കാന്തേ നീ,
ആപത്തനർത്ഥങ്ങളുണ്ടെന്നറിയണോ.
ഹെർമ്മോൻ മലകളെ സിംഹഗുഹകളെ,
അമാനുശേനീർ കൊള്ളഗുഹകളെ.
പുള്ളിപ്പുലികളും സിംഹക്കോതിയരും,
പട്ടാപ്പകലിലും കുത്തിത്തുളക്കുമേ.
കാന്തേ ലബനോനെ വിട്ടു വരിക നീ,
ഘോരമൃഗമുണ്ടുകൊന്നു മുടിക്കുമേ.
എൻ പ്രിയേ നീയൊരു സുന്ദരിയാണെന്ന്,
വേദം പറയുന്നതുത്തമഗീതമേ.
നിന്നിൽ ഒരുനവുമില്ലെന്നു ചൊല്ലുന്നു,
വിട്ടു വരിക നീ ദുഷ്ടപിശാചിനെ.
കണ്ടാലഴകുള്ള കാന്തേ വരിക നീ
നിന്നെ വിളിക്കുന്ന നിൻ കാന്തനല്ലയോ.

★

# പ്രവാചകൻ

## J. ഫ്രാൻസിസ്

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

### ഹോശേയ

തെക്കോവയിലെ ഇടയൻമാരിൽ ഒരുത്തനായിരുന്നു ആമോസ് പ്രവാചകൻ. അദ്ദേഹം യെഹൂദ രാജാവായ ഉസ്സീയാവിൻെറയും, യിസ്രായേൽ രാജാവായ യൊരോബിയാമിൻെറയും കാലത്തു ജീവിച്ചിരുന്നു (1:1). ദമ്മേശെക്ക്, ഗസ്സ, സോർ, ഏദോം, അമ്മോന്യ, മോവാബ്, യെഹൂദ, യിസ്രായേൽ എന്നീ ദേശങ്ങളിൽ വസിച്ചിരുന്നവർ അതിക്രമങ്ങളിൽ മുഴുകി ജീവിച്ചു. അവരെ നേർവഴിയിൽ കൊണ്ടുവരുവാൻ ദൈവം ആമോസിൽ കൂടി പ്രവർത്തിച്ചു (1, 2 അദ്ധ്യായങ്ങൾ).

ഭൂമിയിൽ സകല വംശങ്ങളിലും വെച്ചു ദൈവം അവരെ മാത്രം തിരഞ്ഞെടുത്തു. അതുകൊണ്ടു അവൻ അവരുടെ അകൃത്യങ്ങളൊക്കെയും അവരിൽ സന്ദർശിക്കുമെന്നു അവരെ അറിയിച്ചു (3:2). ദൈവം തിരഞ്ഞെടുക്കുന്നവർ വിശുദ്ധിയിൽ തന്നെ ജീവിക്കണമെന്നു അവൻ കൽപിച്ചിരിക്കുന്നു. അവർ അകൃത്യത്തിൽ അകപ്പെട്ടാലും, അതു വിട്ടുപേക്ഷിച്ചു ദൈവത്തോടു അടുക്കുവാൻ അവരെ പ്രേരിപ്പിക്കുന്നു. അന്നു അവർ ചെയ്ത അകൃത്യം ഇതായിരുന്നു. അവർ ന്യായത്തെ കാഞ്ഞിരം ആക്കി തീർത്തു. നീതിയെ നിലത്തു തള്ളിയിട്ടു (5:7). എന്നിട്ട് ദൈവത്തിലേക്ക് തിരിയുവാൻ കാരുണ്യവാനായ ദൈവം അവരെ ക്ഷണിക്കുന്നു. അവർ ദൈവത്തിലേക്കു തിരിയുവാൻ

എന്തു ചെയ്യണമെന്നു ദൈവം അവർക്കു വെളിപ്പെടുത്തി കൊടുക്കുന്നു. കാർത്തികയേയും മകയിരത്തെയും സൃഷ്ടിക്കുകയും അന്ധതമസ്സിനെ പ്രഭാതമാക്കി മാററുകയും പകലിനെ രാത്രിയാക്കി ഇരുട്ടുകയും സമുദ്രത്തിലെ വെള്ളത്തെ വിളിച്ചു ഭൂതലത്തിൽ പകരുകയും ചെയ്യുന്നവനെ അന്വേഷിപ്പിൻ (5:8). നിങ്ങരം ജീവിച്ചിരിക്കേണ്ടതിനു നൻമയെ അന്വേഷിപ്പിൻ. അപ്പോരം നിങ്ങരം പറയുന്നപോലെ സൈന്യങ്ങളുടെ യഹോവയായ ദൈവം നിങ്ങളോടുകൂടെ ഇരിക്കും (5:14).

ദൈവത്തോടു അടുക്കേണ്ട മനുഷ്യർ നാം ഇന്നു ചെയ്യുന്നതുപോലെ ദൈവത്തിനായി ഉൽസവങ്ങരം ആഘോഷിച്ചു. അതിനായി സഭായോഗങ്ങരം കൂടി ദൈവനാമത്തിൽ തിൻമകരം പ്രവർത്തിച്ചു. നാം ഇന്നും ചെയ്യുന്നതു പോലെ. അപ്രകാരമുള്ള ഉൽസവങ്ങളെ ദ്വേഷിച്ചു നിരസിക്കുമെന്നും സഭായോഗങ്ങളിൽ പ്രസാദിക്കുകയുമില്ലായെന്നും ദൈവം വെളിപ്പെടുത്തി (5:21).

ദൈവത്തിൽ നിന്നും അകന്ന ജനതയെ ശിക്ഷിക്കുമെന്നു അവൻ വെളിപ്പെടുത്തി. എന്നാൽ ദൈവഹിതം മനസ്സിലാക്കി നൻമയിലേക്കു തിരിയുന്നവരെ ദൈവം അവരുടെ ദേശത്തു നടുമെന്നും, അവർക്കു കൊടുത്തിരിക്കുന്ന ദേശത്തു നിന്നു അവരെ ഇനി പറിച്ചു കളയുകയില്ലായെന്നു വാഗ്ദാനം അവർക്കു നൽകുകയും ചെയ്തു. ദൈവം നൻമയെ സ്നേഹിക്കുന്നു. ദൈവത്തിൻെറ മക്കളായ നാം നൻമയെ സ്നേഹിക്കുന്നില്ലായെങ്കിൽ നാം എല്ലാവരും ദൈവത്തിൻെറ മക്കരം ആകുകയില്ല. അപ്പോരം നാം ദൈവ ശത്രുവിൻെറ മക്കളായി മാറും. അതിനുള്ള ശിക്ഷ നാം ഏററുവാങ്ങിയേ മതിയാകൂ.

★

(ശേഷം അടുത്ത ലക്കത്തിൽ)

# മരിച്ചവർക്കുവേണ്ടിയുള്ള സ്നാനം

**സണ്ണി ഡേവിഡ്**

ബൈബിളിലെ 1കൊരിന്ത്യർ 15-ാം അദ്ധ്യായം ഉയിർത്തെഴുന്നേൽപിന്റെ അദ്ധ്യായം എന്നു വിളിക്കപ്പെടുന്നതിൽ അപാകതയുള്ളതായി തോന്നുന്നില്ല. ക്രിസ്തു നീതിമാൻമാർക്കും നീതി കെട്ടവർക്കും തക്ക പകരം കൊടുപ്പാനായി വീണ്ടും വരുമ്പോൾ അന്നുവരെ ജീവിച്ച് മരിച്ച എല്ലാവർക്കും ഉയിർപ്പ് ഉണ്ടെന്നുള്ളതു ബൈബിളിലെ മുൻഗണന അർഹിക്കുന്ന ഏററവും വലിയ ഒരു വിഷയമാണ്. ക്രിസ്തു മരിച്ചിട്ടു ഉയിർത്തെഴുന്നേററു എന്നു പ്രസംഗിച്ചുവരുന്ന അവസ്ഥക്കു മരിച്ചവരുടെ പുനരുത്ഥാനം ഇല്ല എന്നു നിങ്ങളിൽ ചിലർ പറയുന്നതു എങ്ങനെ ? മരിച്ചവരുടെ പുനരുത്ഥാനം ഇല്ല എങ്കിൽ ക്രിസ്തുവും ഉയിർത്തെഴുന്നേററിട്ടില്ല. ക്രിസ്തു ഉയിർത്തെഴുന്നേററിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം; നിങ്ങളുടെ വിശ്വാസവും വ്യർത്ഥം; മരിച്ചവർ ഉയിർക്കുന്നില്ല എന്നു വരികിൽ ദൈവം ഉയിർപ്പിച്ചിട്ടില്ലാത്ത ക്രിസ്തുവിനെ അവൻ ഉയിർപ്പിച്ചു എന്നു ദൈവത്തിനു വിരോധമായി സാക്ഷ്യം പറകയാൽ ഞങ്ങൾ ദൈവത്തിന് കള്ളസാക്ഷികൾ എന്നു വരും. മരിച്ചവർ ഉയിർക്കുന്നില്ല എങ്കിൽ ക്രിസ്തുവും ഉയിർത്തിട്ടില്ല. ക്രിസ്തു ഉയിർത്തിട്ടില്ല എങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥമത്രേ. നിങ്ങൾ ഇന്നും നിങ്ങളുടെ പാപങ്ങളിൽ ഇരിക്കുന്നു. ക്രിസ്തുവിൽ നിദ്ര കൊണ്ടവരും നശിച്ചുപോയി. നാം ഈ ആയുസിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വെച്ചിരിക്കുന്നു എങ്കിൽ സകല മനുഷ്യരിലും അരിഷ്ടൻമാരത്രേ (1 കൊരിന്ത്യർ 15:12-19).

നമുക്കു പുനരുത്ഥാനം ഉണ്ടെന്നുള്ളതിന്റെ ഏററവും വലിയ തെളിവായിട്ടാണ് ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ് എന്ന വിഷയം പൌലൊസ് പഠിപ്പിച്ചതു.

ന്യായവിധിക്കായി അവൻ വരുമ്പോൾ അതു സംഭവിക്കയും ചെയ്യും (പ്രവൃത്തി 17:31). മനുഷ്യപുത്രനായ യേശു മരിച്ചപ്പോൾ സ്വർഗ്ഗീയ പിതാവ് അവനെ മരിച്ചവരിൽ നിന്നും ജീവനുള്ളവനായി എഴുന്നേൽപിച്ചു. ഈ സന്ദർഭത്തിലാണ് പൌലൊസ് കൊരിന്ത്യരോടു ഒരു ചോദ്യം ചോദിക്കുന്നതു: അല്ല, മരിച്ചവർക്കുവേണ്ടി സ്നാനം ഏൽക്കുന്നവർ എന്തു ചെയ്യും? മരിച്ചവർ കേവലം ഉയിർക്കുന്നില്ലെങ്കിൽ അവർക്കുവേണ്ടി സ്നാനം ഏൽക്കുന്നതു എന്തിനു? (1 കൊരിന്ത്യർ 15:29). കൊരിന്ത്യയിലുള്ള ആളുകളെ ഉയിർത്തെഴുന്നേൽപ് സത്യമായ ഒന്നാണെന്നു ബോധ്യപ്പെടുത്തി കൊടുപ്പാൻ അന്നു നിലവിലുണ്ടായിരുന്ന ഒരു ആചാരത്തെ എടുത്തു കാണിച്ചിരിക്കയാണ്. അന്ന് സ്നാനപ്പെടാതെ മരിച്ചുപോയ ആളുകൾക്കു പ്രയോജനപ്പെടേണ്ടതിനു ജീവനുള്ള ആളുകൾക്കു സ്നാനം കൊടുത്തുകൊണ്ടിരുന്ന ഒരു സമ്പ്രദായം നിലവിലുണ്ടായിരുന്നു എന്നു വ്യക്തം. ഒരു സത്യം മനസ്സിലാക്കുവാൻ അതു ഉദാഹരണമായി സൂചിപ്പിക്കുകയാണ്. കൊരിന്ത്യയിലുള്ള ക്രിസ്ത്യാനികളുടെ തെറ്റുകളെ അപ്പൊസ്തലൻ നിശിതമായി ശാസിക്കുന്നുണ്ട്. ശണ്ഠയും ഭിന്നിപ്പും അവർക്കിടയിൽ ഉണ്ടായപ്പോൾ, ദുർന്നടപ്പ് ആചരിച്ചപ്പോൾ, കർത്തൃമേശ അയോഗ്യമായി കൈകാര്യം ചെയ്തപ്പോൾ, കൃപാവരങ്ങൾ തെറ്റായി ഉപയോഗിച്ചപ്പോൾ എല്ലാം അവരെ ശാസിക്കുന്നുണ്ട്.

പുനരുത്ഥാനം ഇല്ല എന്നു പഠിപ്പിച്ചിരുന്ന ദുരുപദേഷ്ടാക്കൻമാർ അന്ന് ഉണ്ടായിരുന്നു. അതു നിഷേധിക്കുന്നവരെ ഖണ്ഡിച്ചു സംസാരിക്കുകയാണ് പൌലൊസ്. ഇവിടെ യേശു മരിച്ചു, ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ആ യേശുവിന്റെ കൽപന അനുസരിക്കുന്നതുകൊണ്ട് അർത്ഥമില്ലല്ലൊ. പാപസംബന്ധമായി മരിച്ചവരാണ് വെള്ളത്തിൽ അടക്കം ചെയ്യേണ്ടതു. യേശുക്രിസ്തുവിന്റെ മരണത്തോടും അടക്കത്തോടും ഉയിർത്തെഴുന്നേൽപിനോടും പങ്കാളികളാകുന്ന നാം ജീവന്റെ പുതുക്കത്തിൽ നടക്കയും ചെയ്യുന്നു.

★

# ഏഴ് സഭകൾക്കുള്ള ദൂത്

എം. എസ്. ജോൺ. ഇരിട്ടി

## 7. ലവൊദിക്യ സഭ (വെളി. 3:14-22).

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

ലവൊദിക്യ സഭയ്ക്ക് കർത്താവിനു കൊടുക്കാൻ അവരുടെ പക്കൽ ധാരാളം ഉണ്ട്. പിശുക്കില്ലാതെ അവർ കൊടുക്കുന്നവരാണ്. ഭൗതികമായ ഈ നല്ല സ്വഭാവം കർത്താവിന്റെ രാജ്യത്തിലായിരിക്കുന്ന ദൈവജനത്തിനു ഉണ്ടായിരിക്കേണ്ടതും ആണ്. എന്നാൽ ലവൊദിക്യസഭ കർത്താവിൽ നിന്നും ഒന്നും പ്രാപിച്ചിട്ടില്ല. ആത്മീയമായി യാതൊരു താൽപര്യമോ വളർച്ചയോ ഇല്ലാത്തവർ, ദൈവമഹത്വത്തിനായി വാരിക്കോരി കൊടുക്കുന്നതുകൊണ്ടു മാത്രം ഒരു അർത്ഥവും ഉണ്ടാകുന്നില്ല, മററു ചിലർ വിശ്വാസവും ദൈവഭക്തിയും ഉള്ളവരാണ്. പക്ഷെ അവരുടെ ഭൗതികമായ നൻമയിൽ ദൈവമഹത്വത്തിനായി വേണ്ടതു പോലെ കൊടുക്കുകയും ഇല്ല. എന്നാൽ ദൈവവചനം പഠിപ്പിക്കുന്നതു, ദൈവമക്കൾ അവരവരുടെ പ്രാപ്തിയ്ക്കനുസരിച്ച് നമ്മൾ നേടുന്നതിൽ ഒരംശം സന്തോഷത്തോടെ ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ കൂടി വരുമ്പോൾ ധർമ്മശേഖരമായി ദൈവസന്നിധിയിൽ സമർപ്പിക്കണം എന്നുള്ളതാകുന്നു. ''വചനം പഠിക്കുന്നവൻ പഠിപ്പിക്കുന്നവനു എല്ലാ നന്മയിലും ഓഹരി കൊടുക്കേണം. വഞ്ചനപ്പെടാതിരിപ്പിൻ; ദൈവത്തെ പരിഹസിച്ചുകൂടാ. മനുഷ്യൻ വിതെക്കുന്നതു തന്നേ കൊയ്യും. ജഡത്തിൽ വിതെക്കുന്നവൻ ജഡത്തിൽ നിന്നു നാശം കൊയ്യും; ആത്മാവിൽ വിതെക്കുന്നവൻ ആത്മാവിൽ നിന്നു നിത്യജീവനെ കൊയ്യും. നൻമ ചെയ്കയിൽ നാം മടുത്തുപോകരുത്. തളർന്നു പോകാ

ഞാൽ തക്കസമയത്തു നാം കൊയ്യും. ആകയാൽ അവസരം കിട്ടും പോലെ നാം എല്ലാവർക്കും വിശേഷാൽ സകല വിശ്വാസികൾക്കും നൻമ ചെയ്യുക'' (ഗലാ. 6:6-10). എന്നാൽ ലോഭമായി വിതെക്കുന്നവൻ ലോഭമായി കൊയ്യും; ധാരാളമായി വിതെക്കുന്നവൻ ധാരാളമായി കൊയ്യും എന്ന് ഓർത്തുകൊൾവിൻ. അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കട്ടെ. സങ്കടത്തോടെ അരുത്; നിർബ്ബന്ധത്താലുമരുത്; സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു. ഈ നടത്തുന്ന ധർമ്മശേഖരം വിശുദ്ധൻമാരുടെ ബുദ്ധിമുട്ടു തീർക്കുന്നതുമല്ലാതെ ദൈവത്തിന് അനവധി സ്തോത്രം വരുവാൻ കാരണവും ആകുന്നു'' (2 കൊരി. 9:6; 7:12). ''ഈ സഹായത്താൽ തെളിയുന്ന സിദ്ധത ഹേതുവായി ക്രിസ്തുവിന്റെ സുവിശേഷം നിങ്ങൾ സ്വീകരിച്ച അനുസരണം നിമിത്തവും അവരോടും എല്ലാവരോടും നിങ്ങൾ കാണിക്കുന്ന കൂട്ടായ്മയുടെ ഔദാര്യം നിമിത്തവും അവർ ദൈവത്തെ മഹത്വപ്പെടുത്തും'' (2 കൊരി. 9:13).

'എനിക്കു ഒന്നിന്നും മുട്ടില്ല' എന്ന് അഹങ്കരിക്കുന്ന ലവൊദിക്യ സഭയെ കർത്താവ് നോക്കി കാണുന്നത് ''നീ നിർഭാഗ്യനും അരിഷ്ടനും ദരിദ്രനും കുരുടനും നഗ്നനും എന്നുള്ള പരമാർത്ഥം അവർ അറിയാതെ ഇരിക്കുന്നു എന്നതാണ്. ലവൊദിക്യ സഭയുടെ വെറും പൊള്ളയായ സ്വയം പ്രശംസ നമ്മുടെ കർത്താവിന്റെ ദൃഷ്ടിയിൽ എത്ര ഹീനമായിരിക്കുന്നു എന്ന് വളരെ വ്യക്തമാണല്ലോ. ഒരു വഴിയാത്രക്കാരൻ യെരുശലേമിൽ നിന്ന് യെരിഹോവിലേക്ക് പോകുമ്പോൾ കള്ളൻമാരുടെ കയ്യിൽ അകപ്പെട്ട് അർദ്ധപ്രാണനായി തീർന്ന അവന്റെ അവസ്ഥയെക്കാൾ ദയനീയമായിരുന്നു കർത്താവിന്റെ ദൃഷ്ടിയിലെ ലവൊദിക്യ സഭ. കള്ളൻമാർ അവന്റെ വസ്ത്രം അഴിച്ചുമാററി അവനെ മുറിവേൽപിച്ചു. അവന്റെ ഞരക്കം എത്രയോ വേദനാജനകമായിരുന്നു. കള്ളൻമാർ അവനെ അർദ്ധ

പ്രാണനായി വിട്ടേച്ചുപോയി അത്രമാത്രം ആത്മീയമായി അധഃപതിച്ച ലവൊദിക്യ സഭയോട് കർത്താവ് പറയുന്നത് ''നീ നിർഭാഗ്യവാനാണ്''.

അനേകം വ്യക്തികളുടേയും സമൂഹങ്ങളുടേയും രാജ്യങ്ങളുടേയും നിർഭാഗ്യകരമായ അവസ്ഥയെ ചരിത്രാതീതകാലം മുതൽ തന്നെ മനുഷ്യർക്ക് വ്യക്തമാക്കപ്പെട്ടിരിക്കുന്നു. അവരുടെ ജീവിതത്തിന്റെ തെറ്റുപിഴകളും ബുദ്ധിമോശവും ജീവിതമാകുന്ന കുത്തൊഴുക്കിൽ പെട്ടെന്ന് അവർ കടപുഴകി ഒലിച്ചുപോയി. ആ നിർഭാഗ്യകരമായ അവസ്ഥകളെ നാം ഇന്നു ചരിത്ര ഏടുകളിൽ കൂടി സ്മരിക്കുകയാണ്. അർഹമായത് ലഭിക്കാതിരിക്കുകയോ, ത്യജിച്ചു കളയുകയോ ചെയ്യുന്നതാണ് നിർഭാഗ്യകരം. എന്നാൽ ദൈവമക്കളെ അഥവാ വിശ്വാസികളെ 'ഭാഗ്യവാൻമാർ' എന്നു ബൈബിൾ വിശേഷിപ്പിക്കുന്നു. ''ലംഘനം ക്ഷമിച്ചും പാപം മറെച്ചും കിട്ടിയവൻ ഭാഗ്യവാൻ. യഹോവ അകൃത്യം കണക്കിടാതെയും ആത്മാവിൽ കപടം ഇല്ലാതെയും ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ'' (സങ്കീ. 32:1, 2). ''ദുഷ്ടൻമാരുടെ ആലോചനപ്രകാരം നടക്കാതെയും പാപികളുടെ വഴിയിൽ നിൽക്കാതെയും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെയും യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ചു അവന്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ'' (സങ്കീ. 1:1, 12). അവന്റെ കൽപനകളിൽ ഏററവും ഇഷ്ടപ്പെടുന്ന മനുഷ്യൻ ഭാഗ്യവാൻ. അവന്റെ തലമുറ അനുഗ്രഹിക്കപ്പെടും. ഐശ്വര്യവും സമ്പത്തും അവന്റെ വീട്ടിൽ ഉണ്ടാകും. അവന്റെ നീതി എന്നേക്കും നില നിൽക്കുന്നു (സങ്കീ. 112:1-3). യഹോവയുടെ കൽപന പ്രകാരം അവയെ അനുസരിച്ചു നടപ്പിൽ നിഷ്കളങ്കരായവരും അവയെ പ്രമാണിച്ചു പൂർണ്ണഹൃദയത്തോടെ ദൈവത്തെ അന്വേഷിക്കുന്നവരും ഭാഗ്യവാൻമാരാണ് (സങ്കീ. 119:1, 2). ''യഹോവയെ ഭയപ്പെട്ടു, അവന്റെ വഴികളിൽ

നടക്കുന്ന ഏവനും ഭാഗ്യവാൻ; നിന്റെ കൈകളുടെ അദ്ധ്വാനഫലം നീ തിന്നും നീ ഭാഗ്യവാൻ. നിനക്കു നന്മ വരും'' (സങ്കീ. 128:1, 2).

യേശുക്രിസ്തുവിന്റെ ഗിരിപ്രഭാഷണത്തിൽ ഭാഗ്യവർണ്ണനയുടെ ഒരു പട്ടിക തന്നെ നിരത്തി വെയ്ക്കപ്പെട്ടിട്ടുണ്ട്. ആത്മാവിൽ ദരിദ്രരായവരും ദുഃഖിക്കുന്നവരും സൌമ്യതയുള്ളവരും നീതിക്കു വിശന്നുദാഹിക്കുന്നവരും, കരുണയുള്ളവരും ഹൃദയശുദ്ധിയുള്ളവരും സമാധാനം ഉണ്ടാക്കുന്നവരും നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവരും യേശുക്രിസ്തു നിമിത്തം പഴികളും ഉപദ്രവങ്ങളും ഏൽക്കുകയും എല്ലാ തിന്മയും കളവായി പറയുകയും ചെയ്യുമ്പോഴും നിങ്ങൾ ഭാഗ്യവാന്മാരാകുന്നു (മത്താ. 5:1-11).

യേശു ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്ന് പത്രോസിനു പൂർണ്ണമായി മനസ്സിലാക്കാൻ കഴിഞ്ഞതിനാൽ യേശു അവനോടു പറഞ്ഞത്: ''ബർയോനാ ശീമോനേ നീ ഭാഗ്യവാൻ: ജഡരക്തങ്ങൾ അല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രേ നിനക്ക് ഇതു വെളിപ്പെടുത്തിയത്'' (മത്താ. 16:17).

ക്രിസ്തീയവും അക്രൈസ്തവുമായ വിവിധ സമുദായങ്ങളിൽപ്പെട്ടവർ എല്ലാവരും ജഡസ്വഭാവങ്ങളെ വിട്ടുകളയാതെ അന്ധമായ വിശ്വാസാചാരങ്ങളിലൂടെ ദൈവത്തിന്റെ അനുഗ്രഹങ്ങൾ പ്രാപിച്ചു ഭാഗ്യവാൻമാരായി തീരാൻ കൊതിക്കുന്നു. മതനേതാക്കൻമാരും അവരുടെ പ്രസ്ഥാനങ്ങളും അതിനുവേണ്ട ഒരുക്കങ്ങളിലൂടെ ജനങ്ങളുടെ ശ്രദ്ധയെ ആകർഷിക്കുകയും ചെയ്തുവരുന്നു.

★

(ശേഷം അടുത്ത ലക്കത്തിൽ)

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggie Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth. Post Box 3815, New Delhi-110049.

Mondays — 9.00 to 9.15 P.M.
Fridays — 7.45 to 8.00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar. Post Box 3815, New Delhi-110049..

Sundays — 12.45 to 1.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9.15 P.M.
Fridays — 9,00 to 9.15 P.M.

**TELUGU**—The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth Post Box 80, Kakinada-533001.

Sundays — 2.30 to 2 45 P.M.
Tuesdays — 2.30 to 2.45 P.M.
Thursdays — 2 30 to 2.45 P.M.
Fridays — 2.30 to 2 45 P.M.
Saturdays — 2.30 to 2.45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth Post Box 8405, Bangalore 560084.

Tuesdays — 5.30 to 5.45 P.M.
Thursdays — 6 45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ Trivandrum - 695034 Kerala.

Tuesdays & Fridays — 3.45 to 4.00 p.m.

**KANNADA**—The Voice of Truth—Speaker : Robert Rathnakar—Box. 448, Bangalore—560004

Sundays — 1.45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P.K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

To

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695034
Phone : 443378